# കണ്ണൂർ സർവ്വകലാശാല

(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ് SWS/532/2018 Vol II    തീയ്യതി:13/07/2018

## പ്രസിദ്ധീകരണത്തിന്

## ബിരുദപ്രവേശനം- അഞ്ചാം അലോട്ട്മെന്റ്

2018-19 അധ്യയന വർഷത്തെ ബിരുദപ്രവേശനത്തിനുള്ള അഞ്ചാം അലോട്ട്മെന്റ് http://cap.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ **ജൂലൈ 14** ന് വൈകുന്നേരം 5മണിക്ക് പ്രസിദ്ധീകരിക്കും.അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ ഫീസ് **SBI Collect** മുഖാന്തരം മാത്രം അടച്ച് ഫീസ് അടച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ജൂലൈ 16 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അപ് ലോഡ് ചെയ്യേണ്ടതാണ്..അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് **685/-** രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് **630/-** രൂപയുമാണ്. **UG Admission- Admission Fee(General / SEBC), UG Admission- Admission Fee(SC/ST)** എന്നീ കാറ്റഗറിയിൽ മാത്രം ഓൺലൈനായി ഫീസ് അടക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മറ്റ് കാറ്റഗറിയിൽ ഫീസടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. **ഒന്ന്,രണ്ട്,മൂന്ന്,നാല് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ച് ഫീസ് ഒടുക്കിയ വിവരങ്ങൾ അപ് ലോഡ് ചെയ്ത വിദ്യാർത്ഥികൾ വീണ്ടും ഫീസ് അടക്കേണ്ടതില്ല.**

## കോളേജ് പ്രവേശനം

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ജൂലൈ 16,17 തീയ്യതികളിൽ അതാത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അലോട്ട്മെന്റ് മെമ്മോ, ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിന്റൗട്ടുകൾ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ,സംവരണ സംബന്ധമായ മറ്റ് രേഖകൾ(നേറ്റിവിറ്റി, കമ്മ്യൂണിറ്റി, നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് അംഗീകരിച്ച ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് മുതലായവ),വെയ്റ്റേജ് അനുവദിക്കുന്നതിനാവശ്യമായ രേഖകൾ(എൻ.എസ്. എസ്/ എൻ.സി.സി,എക്സ് സർവീസ്മെൻ തുടങ്ങിയവ), എസ്. എസ്.എൽ.സി. സർട്ടിഫിക്കറ്റ്,ആധാർ കാർഡ് എന്നിവ സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

ഒന്ന്,രണ്ട്,മൂന്ന്,നാല് അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അഞ്ചാം അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ

ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിന്നും സർട്ടിഫിക്കറ്റുകൾ തിരിച്ചു വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. അഞ്ചാം അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ ലഭിക്കാത്ത താത്ക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾ മുഴുവൻ ഫീസുകളും അടച്ച് അതാത് കോളേജുകളിൽ പ്രസ്തുത തിയ്യതികളിൽ തന്നെ സ്ഥിരം പ്രവേശനം നേടേണ്ടതാണ്.

**സേ വിജയിച്ചവർക്കുള്ള രജിസ്ട്രഷൻ**

സേ പരീക്ഷ വിജയിച്ചവർക്ക് ജൂലൈ 16,17 തിയ്യതികളിൽ http://cap.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രഷൻ

ചെയ്യാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0497-2715261, 0497-2715284 എന്നീ നമ്പറുകളിൽ വിളിക്കുക.

ഒപ്പ്/-

സിംഗിൾ വിൻഡോഅഡ്മിഷൻ ഡയറക്ടർ

,